പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2301 **27-10-2026-ൽ മറുപടിയ്ക്ക്**

എം.എസ് .എം.ഇ. പദ്ധതികളുടെ നിർവഹണവും സംരംഭകർക്കുള്ള ആനുകൂല്യങ്ങളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. മുരളീധരൻ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. രാജീവ് ചന്ദ്രശേഖർ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) 2025-26 ,2026-27 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ സൂക്ഷ്മ, ചെറുകിട, ഇടത്തര സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി പ്രഖ്യാപിച്ച പുതിയ പദ്ധതികളും ധനസഹായ പദ്ധതികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

മറുപടി: 2026-27 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ സൂക്ഷ്മ, ചെറുകിട ഇടത്തര സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി മിഷൻ 1,00,000, EASE, ഇൻസ്പയർ പദ്ധതി,നൈപുണ്യ സർവകലാശാല, ഡിജിറ്റൽ പരിവർത്തന പദ്ധതി, NORKA Private Industrial Estate Scheme (NPIE) 2026,ഇൻവെസ്റ്റ് കേരള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

(ബി) ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ എം.എസ്.എം.ഇ. ആരംഭിക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഇതുവരെ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

മറുപടി: 2026-27 സാമ്പത്തിക വർഷത്തിൽ പ്രധാന പദ്ധതികൾക്കായി അനുവദിച്ച ബജറ്റ് വിഹിതവും വിതരണം ചെയ്ത തുകയും ചുവടെ ചേർക്കുന്നു.

സംരംഭക സഹായ പദ്ധതി (ESS): ₹80 കോടി ബജറ്റ് വിഹിതം. ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കും കേരള ഫിനാൻഷ്യൽ കോർപ്പറേഷനും ആദ്യ ഗഡുവായി ആകെ ₹21,96,71,440 അനുവദിച്ചു.

ക്രമ നമ്പർ	ജില്ല	അനുവദിച്ച തുക	ചിലവഴിച്ച തുക
1.	തിരുവനന്തപുരം	94,00,000	94,00,000
2.	കൊല്ലം	83,00,000	83,00,000
3.	പത്തനംതിട്ട	63,00,000	63,00,000
4.	ആലപ്പുഴ	94,00,000	94,00,000
5.	കോട്ടയം	2,22,37,767	2,22,37,767

6.	ഇടുക്കി	55,00,000	55,00,000
7.	എറണാകുളം	4,94,00,000	4,94,00,000
8.	തൃശ്ശൂർ	80,00,000	80,00,000
9.	പാലക്കാട്	78,00,000	78,00,000
10.	മലപ്പുറം	2,48,00,000	2,48,00,000
11.	കോഴിക്കോട്	93,00,000	93,00,000
12.	വയനാട്	33,00,000	33,00,000
13.	കണ്ണൂർ	1,92,00,000	1,92,00,000
14.	കാസർഗോഡ്	99,00,000	99,00,000
	ആകെ	19,28,37,767	19,28,37,767

1. **ഒരു കുടുംബം ഒരു സംരംഭം (OFOE):** ₹3 കോടി ബജറ്റ് വിഹിതം. ആദ്യ ഗഡുവായി ₹60 ലക്ഷം അനുവദിച്ചു.

ക്രമ നമ്പർ	ജില്ല	അനുവദിച്ച തുക	ചെലവഴിച്ച തുക
1.	തിരുവനന്തപുരം	4,70,000/-	4,70,000/-
2.	കൊല്ലം	2,40,000/-	2,40,000/-
3.	പത്തനംതിട്ട	1,60,000/-	1,60,000/-
4.	ആലപ്പുഴ	5,50,000/-	5,50,000/-
5.	കോട്ടയം	3,50,000/-	3,50,000/-
6.	ഇടുക്കി	1,00,000/-	1,00,000/-
7.	എറണാകുളം	6,00,000/-	6,00,000/-
8.	തൃശ്ശൂർ	8,90,000/-	8,90,000/-
9.	പാലക്കാട്	4,70,000/-	4,70,000/-
10.	മലപ്പുറം	8,90,000/-	8,90,000/-
11.	കോഴിക്കോട്	4,20,000/-	4,20,000/-
12.	വയനാട്	1,80,000/-	1,80,000/-
13.	കണ്ണൂർ	4,70,000/-	4,70,000/-
14.	കാസർഗോഡ്	2,10,000/-	2,10,000/-

	ആകെ	60,00,000/-	60,00,000/-

2. മാർജിൻ മണി ഗ്രാന്റ് (MMG) : ₹12.05 കോടി ബജറ്റ് വിഹിതം. ആദ്യ ഗഡുവായി ₹3.41 കോടി അനുവദിച്ചു.

ക്രമ നമ്പർ	ജില്ല	അനുവദിച്ച തുക	ചെലവഴിച്ച തുക
1.	തിരുവനന്തപുരം	27,00,000/-	27,00,000/-
2.	കൊല്ലം	18,20,000/-	18,20,000/-
3.	പത്തനംതിട്ട	10,50,000/-	10,50,000/-
4.	ആലപ്പുഴ	18,50,000/-	18,50,000/-
5.	കോട്ടയം	13,00,000/-	13,00,000/-
6.	ഇടുക്കി	28,00,000/-	28,00,000/-
7.	എറണാകുളം	29,50,000/-	29,50,000/-
8.	തൃശ്ശൂർ	41,50,000/-	41,50,000/-
9.	പാലക്കാട്	42,00,000/-	42,00,000/-
10.	മലപ്പുറം	41,00,000/-	41,00,000/-
11.	കോഴിക്കോട്	18,00,000/-	18,00,000/-
12.	വയനാട്	20,50,000/-	20,50,000/-
13.	കണ്ണൂർ	10,30,000/-	10,30,000/-
14.	കാസർഗോഡ്	23,00,000/-	23,00,000/-
ആകെ		3,41,00,000/-	3,41,00,000/-

3. EASE പദ്ധതി : ₹1 കോടി ബജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

(സി) പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും സിംഗിൾ വിൻഡോ ക്ലിയറൻസ് ലൈസൻസുകൾ, സബ്സിഡികൾ എന്നിവ വേഗത്തിൽ ലഭ്യമാക്കുന്നതിനും സർക്കാരും വ്യവസായ വകുപ്പും എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

<u>മറുപടി:</u>

1. 2019-ലെ കേരള എം.എസ്.എം.ഇ. നിയമപ്രകാരം അർഹമായ പുതിയ സംരംഭങ്ങൾക്ക് മൂന്ന് വർഷവും ആറുമാസവും വരെ ചില അനുമതികളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

2. സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാ, സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റികൾ പ്രവർത്തിക്കുന്നു. പത്ത് കോടി രൂപ വരെ നിക്ഷേപമുള്ള സ്ഥാപനങ്ങളുടെ പരാതികൾ ജില്ലാ കമ്മിറ്റിയും അതിൽ കൂടുതലുള്ള നിക്ഷേപവുമായി ബന്ധപ്പെട്ട പരാതികളും അപ്പീലുകളും സംസ്ഥാന കമ്മിറ്റിയും പരിഗണിക്കുന്നു.
3. ഇത് കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് അനുമതി നൽകുന്നതിനായി ഒരു ഏകീകൃത സ്റ്റാറ്റ്യൂട്ടറി സംവിധാനം എന്ന നിലയിൽ സരൾ കേരളം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രസർക്കാറിന്റെ എം.എസ്.എം.ഇ. ഫണ്ടുകളും സ്കീമുകളും പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ യുവസംരംഭകരെയും വനിതാ സംരംഭകരെയും ആകർഷിക്കുന്നതിനായി എന്തെല്ലാം പ്രത്യേക ബോധവൽക്കരണവും അടിസ്ഥാന സൗകര്യങ്ങളുമാണ് ഒരുക്കിയിട്ടുള്ളതെന്നും വിശദീകരിക്കുമോ?

<u>മറുപടി:</u> കേന്ദ്ര സർക്കാരിന്റെ RAMP പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

1. എം.എസ്.എം.ഇ.കൾക്ക് സാങ്കേതിക സഹായവും സാമ്പത്തിക പിന്തുണയും നൽകുന്നു.
2. വായ്പാ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി ബാങ്കേഴ്സ് മീറ്റുകൾ സംഘടിപ്പിക്കുന്നു.
3. സാങ്കേതികവിദ്യകളെക്കുറിച്ച് ബോധവൽക്കരിക്കാൻ ടെക്നോളജി ക്ലിനിക്കുകൾ നടത്തുന്നു.
4. സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എം.എസ്.എം.ഇ. ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നു.
5. തൃശ്ശൂരിൽ സംഘടിപ്പിച്ച വനിതാ സംരംഭക കോൺക്ലേവിൽ 1,197 വനിതാ സംരംഭകരും കോഴിക്കോട്ട് സംഘടിപ്പിച്ച യംഗ് എന്റർപ്രണേഴ്സ് കോൺക്ലേവിൽ 1,500-ലധികം യുവസംരംഭകരും പങ്കെടുത്തു.
6. KIED, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവ മുഖേന സംരംഭകത്വ വികസന പരിശീലനം, ബിസിനസ് പ്ലാൻ തയ്യാറാക്കൽ, മാർക്കറ്റിംഗ്, സാമ്പത്തിക മാനേജ്മെന്റ് എന്നിവയിൽ പരിശീലനം നൽകുന്നു

സെക്ഷൻ ഓഫീസർ